പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

27.04..2017 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.782

# സ്കിൽ ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ബഷീർ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കേന്ദ്രസർക്കാർ സഹായത്തോടെ തൊഴിൽ വകുപ്പിന് കീഴിൽ സ്കിൽ ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് പ്രോഗ്രാം എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ടോയെന്നു വ്യക്തമാക്കുമോ; | (എ) സ്കിൽ ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; | (ബി) സ്കൂൾ വിദ്യാഭ്യാസം ഇടയ്ക്ക് വച്ച് മുടങ്ങിപോയവർക്കും, വൈദഗദ്ധ്യമില്ലാതെ തൊഴിലെടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്കും, ഐ.ടി.ഐ പാസ്സായവർക്കും, വിവിധ ട്രേഡുകളിൽ തൊഴിൽ പരിശീലനം നൽകി അവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിച്ച് സർക്കാർ – സർക്കാർ ഇതര തൊഴിൽ മേഖലകളിൽ ജോലിക്ക് സന്നദ്ധരാക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം. |
| (സി) പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെയായി എത്രപേർക്ക് ഇതിന്റെ ഗുണഫലം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ; | (സി) പദ്ധതി ആരംഭിച്ച 2007 മെയ് മുതൽ 31/03/2017 വരെ ഈ പദ്ധതി മുഖേന 31842 പേർക്ക് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.<br><br>ഇവരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>1. തിരുവനന്തപുരം - 1675<br>2. കൊല്ലം - 2737<br>3. പത്തനംതിട്ട - 2487<br>4. ആലപ്പുഴ - 1126<br>5. കോട്ടയം - 4414 |

6. ഇടുക്കി - 165
7. എറണാകുളം - 2166
8. തൃശ്ശൂർ - 2597
9. പാലക്കാട് - 1004
10. കോഴിക്കോട് - 3914
11. മലപ്പുറം - 7371
12. കണ്ണൂർ - 1375
13. വയനാട് - 811

ആകെ **31842**

(ഡി) ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര തുകയാണ് ഓരോ വർഷവും അനുവദിച്ചിട്ടുള്ളതെന്നും അവ എങ്ങനെ ചെലവഴിച്ചുവെന്നുമുള്ള വിശദാംശം കൂടി ലഭ്യമാക്കമോ?

(ഡി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും 17.93 കോടി രൂപ (31/03/2017) വരെ ലഭിച്ചിട്ടുണ്ട്. അതിൽ ട്രെയിനിംഗ് & അസ്സസ്സിംഗ് ഫീസ് ഇനത്തിലും, ഭരണചെലവുകൾക്കുമായി ആകെ 16.34 കോടി രൂപ ചെലവായിട്ടുണ്ട്.

വിശദവിവരം ചുവടെ

| ക്രമ നമ്പർ | വർഷം | ഫണ്ട് ലഭിച്ചത് (കോടി) | ഫണ്ട് വിനിയോഗം (കോടി) |
|---|---|---|---|
| 1 | 2011 - 2012 | 2.07 | ഇല്ല |
| 2 | 2012 - 2013 | 12.98 | 0.63 |
| 3 | 2013 - 2014 | ഇല്ല | 2.45 |
| 4 | 2014 - 2015 | ഇല്ല | 10.48 |
| 5 | 2015 - 2016 | 0.92 | 2.26 |
| 6 | 2016 - 2017 | 1.96 | 0.52 |
| **ആകെ** | | **17.93** | **16.34** |

100% കേന്ദ്ര ഫണ്ട് ലഭിക്കുമെന്ന നിഗമനത്തിൽ 2015 – 16, 2016 – 17 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കാൻ 20 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും 91.90 ലക്ഷം രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. 2015-16 ൽ 50 ലക്ഷവും, 2016-17 ൽ 41.9 ലക്ഷം രൂപയുമായി 2230-101-67-SDIS ശീർഷകം മുഖേന പിൻവലിച്ചിട്ടുണ്ട്.

Bindu
സെക്ഷൻ ഓഫീസർ